# ‘പ്രിസ്ക്കയും അകിലാവെയും’

## റോമർ 16:3–4

“ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രിസ്ക്കയെയും അകിലാവെയും വന്ദനം ചെയ്‌വിൻ. അവർ എന്റെ പ്രാണന്നു വേണ്ടി തങ്ങളുടെ കഴുത്തു വെച്ചുകൊടുത്തവ രാകുന്നു.”

ആദിമസഭയിൽ ഉദാത്തമായ ആത്മീയ ജീവിതം നയിച്ച ഉത്തമ ദമ്പതികളായിട്ടാണ് അകിലാവെയും പ്രിസ്ക്കയെയും കാണുന്നത്. ത്യാഗപൂർണ്ണമായി പൗലോസിനോടും, സഭ യോടും ചേർന്നു നിന്നുകൊണ്ട് അവർ ശുശ്രൂഷിച്ചു പോന്നു. ഇവരുടെ മേൽ ചൊരിഞ്ഞ പ്രശംസാ വചനങ്ങൾ മഹത്തും, ത്യാഗപൂർണ്ണവുമായ ആത്മീയ ശുശ്രൂഷയുടെ അംഗീകാ രവും പ്രശംസാപത്രവും ആകുന്നു.

എന്റെ “കൂട്ടുവേലക്കാർ” എന്നാണ് ഈ ദമ്പതികളെ പൗലോസ് സംബോധന ചെയ്യു ന്നത്. പൗലോസിന്റെ പ്രാണനുവേണ്ടി കഴുത്തു വെച്ചുകൊടുത്തവർ. അതെ, തങ്ങളുടെ സ്വന്തജീവൻപോലും പണയം വെച്ച് സാഹസവും, നിർഭയവുമായ ആത്മീയ ശുശ്രൂഷക്ക് ഏൽപിച്ചു കൊടുത്തവർ. ഇവരുടെ ഉത്തമ വിശ്വാസത്തിന്റെ ജീവിത മാതൃക, വിശ്വാ സികൾക്ക് എന്നും അനുകരണീയമാകുന്നു. ശക്തവും ഉദാത്തവുമായ വിശ്വാസജീവിതം ത്യാഗത്തിൽ അധിഷ്ഠിതവും, സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടതും ആകുന്നുവെന്ന് ഇവ രുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അപ്പലോസിനെ ചേർത്തുനിർത്തി ദൈവത്തിന്റെ മാർഗ്ഗം സ്പഷ്ടമായി തെളിയിച്ചു കൊടുക്കുവാൻ ഈ ദമ്പതികൾക്ക് കഴിഞ്ഞു (Acts 18:26).

കൂടാരപണിക്കാരായിരുന്ന ഇവരുടെ കഠിനാദ്ധ്വാനത്തിന്റെ പ്രതിഫലം അഹോവൃത്തി കഴിക്ക മാത്രമല്ല, സുവിശേഷ പ്രവർത്തനങ്ങളുടെ അതിരുകൾ വിശാലമാക്കാൻ ത്യാഗ നിർഭരമായി ചെലവിടുകയും ചെയ്തു. ഇവരുടെ പ്രവർത്തനങ്ങൾ എത്ര വിലയേറിയതാകു ന്നുവെന്ന് Acts 18:2-4 വരെയുള്ള വാക്യങ്ങളിലും കാണുന്നു. അതായത് അതിമനോഹര ങ്ങളായ ദേവാലങ്ങൾ ഇല്ലാതിരുന്ന കാലം. വിശ്വാസികൾ തങ്ങളുടെ ഭവനങ്ങളിൽ ഒരുമിച്ചു കൂടി ആരാധന നടത്തിയിരുന്നു. പ്രിസ്കയും അകിലാവും തങ്ങളുടെ ഭവനം സഭയാക്കി മാറ്റി. Romans 16:5 ൽ “അവരുടെ വീട്ടിലെ സഭയെയും വന്ദനം ചെയ്യുവിൻ” എന്നാ ണല്ലോ പറയുന്നത്.

ദൈവരാജ്യപ്രവർത്തനങ്ങളോടുള്ള കലവറയില്ലാത്ത സ്നേഹവും പ്രയത്നവും നമ്മെ കൂടുതൽ കർത്താവിനു വേണ്ടി പ്രയോജനപ്പെടുത്തുവാൻ ഇടയാകട്ടെ. അധികം കാര്യങ്ങൾ ഒന്നും ഇവരെപ്പറ്റി കാണുന്നില്ലെങ്കിലും, ആദിമസഭയിൽ ജീവൻ പണയം വെച്ച് കർത്താവിന്റെ ശ്രേഷ്ഠ അപ്പൊസ്തലനായ പൗലോസിനോടൊപ്പം ആത്മാക്കളെ നേടാൻ കർത്താവ് അവരെ ഇടയാക്കി. എത്ര ഭാഗ്യകരമായ അവസ്ഥ.

ധന്യമായ ആത്മീക ജീവിതം കാഴ്ചവെച്ച് കടന്നുപോയെങ്കിലും ഇവർ കർത്താവിനു വേണ്ടി ചെയ്ത നല്ല പ്രവൃത്തികൾ ഇന്നും സംസാരിക്കുന്നു. ദൈവരാജ്യ വ്യാപ്തിക്കു വേണ്ടി മനസ്സോടെ ചെയ്യുന്ന ഓരോ നല്ല പ്രവൃത്തിയും കർത്താവ് കാണുന്നു, അറിയുന്നു. ഈ മാതൃകാദമ്പതികൾക്ക് കിട്ടിയ പ്രശംസ പോലെ പ്രതിഫലം നൽകുന്ന നാളിൽ ശ്രേഷ്ഠമായ പ്രശംസയ്ക്ക് അർഹരാകാൻ വ്യക്തിയായി, കുടുംബമായി ഏൽപ്പിച്ചു കൊടുക്കാം. ത്യാഗപൂർണ്ണമായ കഠിനാദ്ധ്വാനത്തോടെ വേലചെയ്യാൻ പരിശുദ്ധാത്മാവ് ഏവരെയും സഹായിക്കട്ടെ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 072